"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - എറണാകുളം ജില്ലയിൽ, കണയന്നൂർ താലൂക്കിൽ, എടക്കാട്ടുവയൽ വില്ലേജ്, ബ്ലോക്ക് 25, റീസർവ്വെ 328/1 ൽ ഉൾപ്പെട്ട, 40.47 ആർ ഭൂമി സെന്റ് പോൾസ്, CSI സിയോൻകുന്ന് ദേവാലയത്തിന് ഫെയർ വാല്യുവിന്റെ 10% ഈടാക്കി പതിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (എ) വകുപ്പ്

സ.ഉ.(കൈ) നം.67/2026/RD തീയതി,തിരുവനന്തപുരം, 13-02-2026

---

പരാമർശം:-

1. 18.03.2025 - ന് ശ്രീ. ജിജി ജോൺ സമർപ്പിച്ച അപേക്ഷ
2. 09/08/2025-ലെ സ.ഉ(കൈ) 240/2025/റവ നമ്പർ ഉത്തരവ്
3. എറണാകുളം ജില്ലാ കളക്ടറുടെ 24/09/2025 ലെ DCEKM/4592/2025-L1 നമ്പർ കത്ത്.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 03/10/2025 ലെ LR/6622/2025-LR(J7) നമ്പർ കത്ത്.
5. 27/01/2026 ലെ സ.ഉ(കൈ) 38/2026/റവ നമ്പർ ഉത്തരവ്.

**ഉത്തരവ്**

എടക്കാട്ടുവയൽ വില്ലേജ്, ബ്ലോക്ക് 25, റീസർവ്വെ 328/1 ൽ പ്പെട്ട 41 .75 ആർ ഭൂമി പതിച്ച് ലഭിക്കുന്നതിന് ചർച്ച് ഓഫ് സൗത്ത് ഇന്ത്യ മധ്യ കേരള ഡയോസിസിനു വേണ്ടി റവ. ജിജി ജോൺ ജേക്കബ് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. പ്രസ്തുത ഭൂമി, പഴയ സർവ്വേ നമ്പർ 906 ൽപ്പെട്ട 5 ഏക്കർ പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടു വരുന്നു. ടി ഭൂമി മുളന്തുരുത്തി സബ്ബ് രജിസ്ട്രാർ ഓഫീസിലെ 1107 (1932) മകരം 20-ലെ 408-ാം നമ്പർ പാട്ടച്ചീട്ട് പ്രകാരം ഡയൊസിഷ്യൻ ട്രസ്റ്റ് അസോസിയേഷനുവേണ്ടി പിറവം സി.എം.എസ് മിഷൻ റവ. ടി.പി ഡേവിഡ് എന്നയാൾക്ക് എഴുതി നൽകിയ പാട്ടച്ചീട്ട് പ്രകാരമുള്ള ഭൂമിയാണ്. ബി.ടി.ആർ-ൽ സർക്കാർ പുറമ്പോക്ക് എന്നാണ്

രേഖപ്പെടുത്തിയിട്ടുള്ളത്. പാട്ടക്കരാർ പ്രകാരം വർഷം 1 രൂപ 14 അണ 11 പൈസയ്ക്ക് പാട്ടത്തിന് നൽകിയിരുന്നു. സായാഹ്ന സ്കൂൾ പണിത് പിന്നോക്കവസ്ഥയിലുള്ളവരെ പഠിപ്പിക്കുന്നതിനും കൃഷി ചെയ്യുന്നതുമാകയാൽ ആയത് കൊച്ചി നിവാസികളുടെ ഗുണത്തിന് ആയിരിക്കണം എന്ന് പാട്ടത്തിൽ വ്യവസ്ഥ ചെയ്തിരുന്നു. പാട്ട വ്യവസ്ഥകൾ ലംഘിച്ചതിനാൽ 2016 മുതൽ പാട്ടം സ്വീകരിക്കുന്നില്ല. സ്ഥലപരിശോധനയിൽ അപേക്ഷാ വസ്തുവിൽ ക്രൈസ്തവ ദേവാലയവും, ശ്മശാനവും, ഒരു ഓടിട്ട കെട്ടിടവും, ശുചിമുറിയുമാണുള്ളത്. റോഡിന്റെ വികസനത്തിനായി 1.28 ആർ നീക്കി വെച്ചതിനുശേഷം ബാക്കി 40.47 ആർ വസ്തു പതിച്ച് നൽകുന്നതിന് പരാമർശം (3) പ്രകാരം ജില്ല കലക്ടർ ശിപാർശ സമർപ്പിച്ചിരുന്നു. ടി പള്ളിയിൽ ഞായർ, ബുധൻ, വെള്ളി ദിവസങ്ങളിൽ ആരാധന നടത്തിവരുന്നു. ഫീൽഡ് രജിസ്റ്റർ പരിഗണിച്ച് സ്വാതന്ത്ര്യത്തിന് മുൻപ് കൈവശം വച്ചിരുന്നു എന്ന് പരിഗണിയ്ക്കാവുന്നതാണ് എന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3. ലാൻഡ് റവന്യൂ കമ്മീഷണറുടെ പരാമർശം (4) -ലെ റിപ്പോർട്ട് പ്രകാരം, പ്രസ്തുത ഭൂമിയുടെ ന്യായവില ആർ ഒന്നിന് 2,47,500/- ആണ്. അപ്രകാരം 40.47 ആർ ഭൂമിയ്ക്ക് 1,00,16,325/- രൂപയാണ് ന്യായ വില. പരാമർശം (2) സർക്കാർ ഉത്തരവിൽ ആരാധനാലയങ്ങൾ കൈവശം വച്ചിരിയ്ക്കുന്ന ഭൂമി പതിച്ചു നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശമനുസരിച്ച്, അപേക്ഷ ഭൂമി ചുവടെ പറയുന്ന വ്യവസ്ഥകൾ പാലിക്കുന്നതായും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്യുന്നു.

i) പ്രസ്തുത ആരാധനാലയങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നവയായിരിക്കണം.

ii) 1990 ജനുവരി 1 - ന മുമ്പ് നിലവിൽ ഉള്ളവയായിരിക്കണം .

iii) പതിച്ച് നൽകാവുന്ന പരാമാവധി ഭൂമി ഒരേക്കർ ആയിരിക്കണം.

iv) വരവ് ചിലവുകൾ സൂക്ഷിയ്ക്കുന്ന പള്ളിയായിരിയ്ക്കണം.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ എടക്കാട്ടുവയൽ വില്ലേജ്, ബ്ലോക്ക് 25, റീസർവ്വെ 328/1 ൽ ഉൾപ്പെട്ട, 40.47 ആർ ഭൂമി പരാമർശം (2) സർക്കാർ ഉത്തരവിലെ "കുത്തകപ്പാട്ടമായോ, പാട്ടമായോ കൈവശം വച്ചിരിയ്ക്കുന്ന ഭൂമി പതിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതില്ല ആയതിന് പാട്ടം പുതുക്കി നൽകുന്നതിനുളള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്" എന്ന വ്യവസ്ഥ 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് ഇളവ് നൽകി, പരാമർശം (2) -ലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക്

വിധേയമായി സ്വാതന്ത്ര്യത്തിന് മുമ്പ് കൈവശം വെച്ചിരിയ്ക്കുന്നത് പരിഗണിച്ച് സെന്റ് പോൾസ്, CSI സിയോൻകുന്ന് ദേവാലയത്തിന് പരാമർശം (2), (5) സർക്കാർ ഉത്തരവുകൾ പ്രകാരം ഫെയർ വാല്യുവിന്റെ 10% ഈടാക്കി എറണാകുളം ജില്ലയിൽ, കണയന്നൂർ താലൂക്കിൽ, എടക്കാട്ടുവയൽ വില്ലേജ്, ബ്ലോക്ക് 25, റീസർവ്വെ 328/1 ൽ ഉൾപ്പെട്ട 40.47 ആർ ഭൂമി പതിച്ചു നൽകുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. എറണാകുളം ജില്ലാ കളക്ടർ ഇക്കാര്യത്തിൽ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം ജി രാജമാണിക്കം

സെക്രട്ടറി

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, എറണാകുളം.
3. റവ. ജിജി ജോൺ ജേക്കബ്, ട്രഷറർ, സി.എസ്.ഐ. ട്രസ്റ്റ് അസോസിയേഷൻ, സി.എസ്.ഐ. ഡയോസിസൻ ഓഫീസ്, കോട്ടയം - 686 001.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
5. ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
6. ധനകാര്യ വകുപ്പ്(EXP-D3/204/2025-FIN)
7. പൊതുഭരണ (എസി. സി ) വകുപ്പ് (ഇനം. നം. 3641, തീയതി : 11.02.2026)
8. കരുതൽ ഫയൽ (എ3/142/2025/റവ)

ഉത്തരവിൻ പ്രകാരം

Signed by

Prathapachandran S

Date: 13-02-2026 16:39:12

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 11-02-2026

ഫയൽ നം. എ3/142/2025/റവ. ഇനം നം: 3641

വിഷയം : റവന്യൂ വകുപ്പ് - എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ എടക്കാട്ടുവയൽ വില്ലേജ്, ബ്ലോക്ക് 25, റീസർവ്വെ 328/1-ൽ ഉൾപ്പെട്ട, 40.47 ആർ ഭൂമി 09.08.2025-ലെ സ.ഉ.(കൈ).240/2025/റവ. നമ്പർ ഉത്തരവിലെ (iv)-ാം നമ്പർ വ്യവസ്ഥയിൽ ഇളവ് നൽകി, 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് സെന്റ് പോൾസ്, CSI സിയോൻകുന്ന് ദേവാലയത്തിന് പതിച്ചു നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (2) അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3641

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. ഫയൽ നമ്പർ | : | എ 3/ 142/ 2025/ റവ. |
| 2. വകുപ്പ് | : | റവന്യൂ (എ) വകുപ്പ് |
| 3. വിഷയം | : | എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ എടക്കാട്ടുവയൽ വില്ലേജ്, ബ്ലോക്ക് 25, റീസർവ്വെ 328/1 ൽ ഉൾപ്പെട്ട, 40.47 ആർ ഭൂമി 09/08/2025-ലെ സ.ഉ(കൈ) 240/2025/റവ നമ്പർ ഉത്തരവിലെ (iv) -ാം നമ്പർ വ്യവസ്ഥയിൽ ഇളവ് നൽകി , 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് സെന്റ് പോൾസ്, CSI സിയോൻകുന്ന് ദേവാലയത്തിന് പതിച്ചു നൽകുന്നത് - സംബന്ധിച്ച്. |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 22/11/2025 |
| 5. (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | അതെ |
| (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീ.അനു.എസ്.നായർ |
| 8. കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.എം.ജി.രാജമാണിക്യം |
| 9. മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 03/02/2026 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11. മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 04/02/2026 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.കെ.രാജൻ |
| 13. മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 05/02/2026 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 06/02/2026 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ എടക്കാട്ടുവയൽ വില്ലേജ്, ബ്ലോക്ക് 25, റീസർവ്വെ 328/1 ൽ ഉൾപ്പെട്ട, 40.47 ആർ ഭൂമി 09/08/2025-ലെ സ.ഉ(കൈ) 240/2025/റവ നമ്പർ ഉത്തരവിലെ (iv) -ാം നമ്പർ വ്യവസ്ഥയിൽ ഇളവ് നൽകി , 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് സെന്റ് പോൾസ്, CSI സിയോൻകുന്ന് ദേവാലയത്തിന് പതിച്ച നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ് .

2. എടക്കാട്ടുവയൽ വില്ലേജ്, ബ്ലോക്ക് 25, റീസർവ്വെ 328/1 ൽ പ്പെട്ട 41 .75 ആർ ഭൂമി പതിച്ച ലഭിക്കുന്നതിന് ചർച്ച് ഓഫ് സൗത്ത് ഇന്ത്യ മധ്യ കേരള ഡയോസിസ്-നു വേണ്ടി റവ. ജിജി ജോൺ ജേക്കബ് അപേക്ഷ സമർപ്പിച്ചിരുന്നു.

3. പ്രസ്തുത ഭൂമി, പഴയ സർവ്വേ നമ്പർ 906 ൽപ്പെട്ട 5 ഏക്കർ പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടു വരുന്നു. ടി ഭൂമി മുളന്തുരുത്തി സബ് രജിസ്ട്രാർ ഓഫീസിലെ 1107 (1932)മകരം 20-ലെ 408-ാം നമ്പർ പാട്ടച്ചീട്ട് പ്രകാരം ഡയൊസിഷ്യൻ ട്രസ്റ്റ് അസോസിയേഷനുവേണ്ടി പിറവം സി.എം.എസ് മിഷൻ റവ. ടി.പി ഡേവിഡ് എന്നയാൾക്ക് എഴുതി നൽകിയ പാട്ടച്ചീട്ട് പ്രകാരമുള്ള ഭൂമിയാണ്. ബി.ടി.ആർ ൽ സർക്കാർ പുറമ്പോക്ക് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. റോഡിന്റെ വികസനത്തിനായി 1.28 ആർ നീക്കി വെച്ചതിനുശേഷം ബാക്കി 40.47 ആർ വസ്തു പതിച്ച് നൽകുന്നതിനുള്ള ശിപാർശയാണ് ജില്ല കലക്ടർ ലഭ്യമാക്കിയിട്ടുള്ളത്. പാട്ടക്കരാർ പ്രകാരം വർഷം 1 രൂപ 14 അണ 11 പൈസയ്ക്ക് പാട്ടത്തിന് നൽകിയിരുന്നു. സായാഹ്ന സ്കൂൾ പണിത് പിന്നോക്കവസ്ഥയിലുള്ളവരെ പഠിപ്പിക്കുന്നതിനും കൃഷി ചെയ്യുന്നതാകയാൽ ആയത് കൊച്ചി നിവാസികളുടെ ഗുണത്തിന് ആയിരിക്കണം എന്ന് പാട്ടത്തിൽ വ്യവസ്ഥ ചെയ്തിരുന്നു. പാട്ട വ്യവസ്ഥകൾ ലംഘിച്ചതിനാൽ 2016 മുതൽ പാട്ടം സ്വീകരിക്കുന്നില്ല. സ്ഥലപരിശോധനയിൽ അപേക്ഷാ വസ്തുവിൽ ക്രൈസ്തവ ദേവാലയവും, ശ്മശാനവും, ഒരു ഓടിട്ട കെട്ടിടവും, ശുചിമുറിയുമാണുള്ളത് . ടി പള്ളിയിൽ ഞായർ, ബുധൻ, വെള്ളി ദിവസങ്ങളിൽ ആരാധന നടത്തിവരുന്നു. ഫീൽഡ് രജിസ്റ്റർ പരിഗണിച്ച് സ്വാതന്ത്ര്യത്തിന് മുൻപ് കൈവശം വച്ചിരുന്നു എന്ന് പരിഗണിക്കാവുന്നതാണ് എന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. പ്രസ്തുത ഭൂമിയുടെ ന്യായവില ആർ ഒന്നിന് 2,47,500/- ആണ്. അപ്രകാരം 40.47 ആർ ഭൂമിയ്ക്ക് 1,00,16,325/- രൂപയാണ്. 09/08/2025-ലെ സ.ഉ(കൈ) 240/2025/റവ നമ്പർ ഉത്തരവിൽ ആരാധനാലയങ്ങൾ കൈവശം വച്ചിരിയ്ക്കുന്ന ഭൂമി പതിച്ചു നൽകുന്നതിന് ടി ഭൂമിയ്ക്ക് ബാധകമായ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

- പ്രസ്തുത ആരാധനാലയങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നവയായിരിക്കണം.
- 1990 ജനുവരി 1 - ന് മുമ്പ് നിലവിൽ ഉള്ളവയായിരിക്കണം .
- പതിച്ച് നൽകാവുന്ന പരമാവധി ഭൂമി ഒരേക്കർ ആയിരിക്കണം.
- വരവ് ചിലവുകൾ സൂക്ഷിയ്ക്കുന്ന പള്ളിയായിരിയ്ക്കണം.

5. സ്വാതന്ത്ര്യത്തിനു മുൻപ് കൈവശം വച്ചിരിക്കുന്നു എന്ന ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഫീൽഡ് രജിസ്റ്ററിൽ **1107** മുതൽ ഭൂമി സെൻറ് പോൾസ് പള്ളിയുടെ കൈവശത്തിൽ ആണെന്നുള്ള രേഖപ്പെടുത്തലിന്റെ അടിസ്ഥാനത്തിലും 09/08/2025-ലെ സ.ഉ(കൈ) 240/2025/റവ നമ്പർ ഉത്തരവിലെ "കുത്തക പാട്ടമായോ പാട്ടമായോ കൈവശം വച്ചിരിക്കുന്ന ഭൂമി പതിച്ചു നൽകേണ്ടതില്ല" എന്ന വ്യവസ്ഥയിൽ ഇളവ് നൽകി പതിച്ച് നൽകുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കാവുന്നതാണെന്ന് ബഹു. റവന്യൂ വകുപ്പ് മന്ത്രി ശിപാർശ ചെയ്യുകയും , ഇക്കാര്യം മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

6. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി

*'' എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ എടക്കാട്ടുവയൽ വില്ലേജ് ബ്ലോക്ക് 25, റീസർവ്വെ 328/1 ൽ ഉൾപ്പെട്ടതും, സെന്റ് പോൾസ് ദേവാലയത്തിന്റെ കൈവശത്തിലിരിയ്ക്കുന്നതുമായ 45.60 ആർ ഭൂമി 09/08/2025-ലെ സ.ഉ (കൈ) 240/2025/റവ നമ്പർ ഉത്തരവിലെ 'കുത്തക പാട്ടമായോ പാട്ടമായോ കൈവശം വച്ചിരിക്കുന്ന ഭൂമി പതിച്ചു നൽകേണ്ടതില്ല " എന്ന വ്യവസ്ഥയിൽ ഇളവ് നൽകി പതിച്ച് നൽകുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനോട് ധനവകുപ്പ് യോജിക്കുന്നു.*

*09/08/2025-ലെ സ.ഉ (കൈ) 240/2025/റവ നമ്പർ ഉത്തരവിലെ (iv) -ാം നമ്പർ വ്യവസ്ഥയിൽ കുത്തകപ്പാട്ടമായോ , പാട്ടമായോ കൈവശം വച്ചിരിയ്ക്കുന്ന ഭൂമി പതിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതില്ലായെന്നും, അതിന് പാട്ടം നൽകുന്നതിനുള്ള*

*സത്വരനടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട് . ഇത്തരത്തിൽ പാട്ടം പുതുക്കുന്നത് വഴി സർക്കാറിന് നിശ്ചിത തുക വർഷാവർഷം വരുമാന ഇനത്തിൽ ലഭിക്കുന്നതാണ് . മേൽ വ്യവസ്ഥയിൽ ഇളവ് അനുവദിച്ച് ഭൂമി പതിച്ച് നല്കുന്നത് വഴി കാലങ്ങളോളം സർക്കാറിന് ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുകയാണ് ചെയ്യുന്നത് . ആരാധനാലയങ്ങളും മറ്റും കുത്തകപ്പാട്ടമായോ , പാട്ടമായോ കൈവശം വച്ചിരിയ്ക്കുന്ന ഭൂമി പതിച്ച നൽകുമ്പോൾ ഈടാക്കേണ്ട തുക സംബന്ധിച്ച് നിലവിൽ മാനദണ്ഡമില്ല. 9/08/2025-ലെ സ.ഉ(കൈ) 240/2025/റവ നമ്പർ ഉത്തരവ് പ്രകാരം കുത്തകപ്പാട്ടമായോ , പാട്ടമായോ കൈവശം വച്ചിരിയ്ക്കുന്നത് ഒഴികെയുള്ള ഭൂമിയ്ക്ക് സ്വാതന്ത്ര്യത്തിന് മുൻപ് കൈവശം വച്ചിരിയ്ക്കുന്നവെങ്കിൽ ഫെയർ വാല്യുവിന്റെ 10% മാണ് ഈടാക്കേണ്ടത് . ഈ കേസിൽ കാലങ്ങളോളം സർക്കാറിന് ലഭിക്കുന്ന വരുമാനത്തിൽ കുറവ് ഉണ്ടാകാൻ കാരണമാകും .ഭൂമി പതിച്ച് നല്കുന്നതിന് ഈ വസ്തുതകൾ പരിഗണിച്ച് ഈ കേസിൽ ഫെയർവാല്യൂ ഈടാക്കേണ്ടതാണ് എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു . ''*

*ഈ തീരുമാനത്തിന് ബഹു.ധനകാര്യ വകുപ്പുമന്ത്രിയുടെ അംഗീകാരമുണ്ട്.*

**<u>തീരുമാനിക്കേണ്ട വിഷയം</u>**

1. ധനകാര്യ വകുപ്പിന്റെ അഭിപ്രായ പ്രകാരം എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ എടക്കാട്ടുവയൽ വില്ലേജ്, ബ്ലോക്ക് 25, റീസർവ്വെ 328/1 ൽ ഉൾപ്പെട്ട, 40.47 ആർ ഭൂമി 09/08/2025-ലെ സ.ഉ(കൈ) 240/2025/റവ നമ്പർ ഉത്തരവിലെ "കുത്തകപ്പാട്ടമായോ, പാട്ടമായോ കൈവശം വച്ചിരിയ്ക്കുന്ന ഭൂമി പതിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതില്ല ആയതിന് പാട്ടം പുതുക്കി നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്" എന്ന വ്യവസ്ഥയിൽ ഇളവ് നൽകി, പ്രസ്തുത ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി, 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് സെന്റ് പോൾസ്, CSI സിയോൻകുന്ന് ദേവാലയത്തിന് ഫെയർ വാല്യൂ ഈടാക്കി പതിച്ചു നൽകാമോ?

അതോ

2. സ്ഥലവില സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ എടക്കാട്ടുവയൽ വില്ലേജ്, ബ്ലോക്ക് 25, റീസർവ്വെ 328/1 ൽ ഉൾപ്പെട്ട, 40.47 ആർ ഭൂമി 09/08/2025-ലെ സ.ഉ(കൈ) 240/2025/റവ നമ്പർ

ഉത്തരവിലെ "കുത്തകപ്പാട്ടമായോ, പാട്ടമായോ കൈവശം വച്ചിരിയ്ക്കുന്ന ഭൂമി പതിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതില്ല ആയതിന് പാട്ടം പുതുക്കി നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്" എന്ന വ്യവസ്ഥയിൽ ഇളവ് നൽകി, പ്രസ്തുത ഉത്തരവിലെ നിബന്ധകൾക്ക് വിധേയമായി, 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് സെന്റ് പോൾസ്, CSI സിയോൻകുന്ന് ദേവാലയത്തിന് 27/01/2026 ലെ സ.ഉ(കൈ) 38/2026/റവ നമ്പർ ഉത്തരവ് പ്രകാരം ഫെയർ വാല്യുവിന്റെ 10% ഈടാക്കി പതിച്ചു നൽകാമോ?

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - സ്ഥാപനങ്ങളും സംഘടനകളും മതിയായ രേഖകളില്ലാതെ കൈവശം വച്ചിരിക്കുന്ന ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി പതിച്ചു നൽകുന്നതിന് പൊതുമാനദണ്ഡം നിശ്ചയിച്ച് പുറപ്പെടുവിച്ച 29.01.2020 ലെ സ.ഉ(കൈ)നം.40/2020/റവ ഉത്തരവ് റദ്ദാക്കി പുതുക്കിയ മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (എ) വകുപ്പ്

സ.ഉ.(കൈ) നം.240/2025/RD തീയതി,തിരുവനന്തപുരം, 09-08-2025

പരാമർശം:- സ.ഉ(കൈ) നം.40/2020/റവ, തീയതി 29.01.2020

<u>ഉത്തരവ്</u>

ആരാധനാലയങ്ങൾ, ശ്മശാനങ്ങൾ, കലാ സാംസ്കാരിക സംഘടനകൾ, വായനശാലകൾ, ചാരിറ്റബിൾ സ്ഥാപനങ്ങൾ എന്നിവർ കൈവശം വച്ചിരിക്കുന്ന ഭൂമി പതിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് നിരവധി അപേക്ഷകൾ സർക്കാരിൽ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ഇത്തരം സ്ഥാപനങ്ങൾ മതിയായ രേഖകൾ ഇല്ലാതെ കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി പതിച്ചു നൽകുന്നതിന് തത്വത്തിൽ അംഗീകാരം നൽകി പരാമർശ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ അപ്രായോഗ്യവും അശാസ്ത്രീയവുമാണെന്ന് ചൂണ്ടിക്കാട്ടി നിരവധി പരാതികൾ ലഭ്യമായ സാഹചര്യത്തിൽ പരാമർശ പ്രകാരമുള്ള ഉത്തരവ് ഇതിനാൽ റദ്ദാക്കിയും പരിഷ്കരിച്ച വ്യവസ്ഥകൾ നിശ്ചയിച്ചും ഇതിനാൽ ഉത്തരവാകുന്നു.

3. ആരാധനാലയങ്ങൾ, ശ്മശാനങ്ങൾ, വിവിധ കലാ, കായിക, സാംസ്കാരിക, സാമുദായിക സംഘടനകൾ, വായനശാലകൾ, ചാരിറ്റബിൾ സ്ഥാപനങ്ങൾ എന്നിവ കൈവശം വച്ചിരിക്കുന്നതും മതിയായ രേഖകൾ ഇല്ലാത്തതുമായ ഭൂമിയിൽ ഓരോന്നിന്റെയും ആവശ്യം നിറവേറ്റുന്നതിനു വേണ്ടുന്ന ഏറ്റവും കുറഞ്ഞ വിസ്തീർണ്ണം ഭൂമി വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന ഭൂമിയുണ്ടെങ്കിൽ ആയത് ഒഴിവാക്കി ചുവടെ

പരാമർശിക്കുന്ന നിബന്ധനകൾ പാലിക്കുന്ന പക്ഷം ഇതോടൊപ്പമുള്ള വ്യവസ്ഥകൾ പ്രകാരം പതിച്ച് നൽകാവുന്നതാണ്.

## നിബന്ധനകൾ

1. **ആരാധനാലയങ്ങൾ, ശ്മശാനങ്ങൾ എന്നിവ**

a. അവ ഇപ്പോഴും പ്രവർത്തിക്കുന്നവയായിരിക്കണം.

b. പ്രസ്തുത ആരാധനാലയങ്ങൾ / ശ്മശാനങ്ങൾ 1990 ജനവരി 1-ന് മുൻപ് നിലവിൽ ഉള്ളവയായിരിക്കണം.

c. പതിച്ച് നൽകാവുന്ന പരമാവധി ഭൂമി ഒരേക്കർ ആയിരിക്കും.

2. **കലാ, കായിക, സാംസ്കാരിക, സാമുദായിക സംഘടനകൾ, വായനശാലകൾ, ചാരിറ്റബിൾ സ്ഥാപനങ്ങൾ എന്നിവ**

a. 29.01.2020 തീയതിയിലും തുടർന്നും പ്രവർത്തനവും രജിസ്ട്രേഷനും ഉണ്ടായിരിക്കേണ്ടതും 29.01.2020 തീയതിക്ക് തൊട്ട് മുൻപുള്ള 3 വർഷത്തെയെങ്കിലും വരവ് ചെലവ് കണക്കുകൾ പാസാക്കിയിട്ടുള്ളവ ആയിരിക്കണം.

b. പ്രസ്തുത സ്ഥാപനമോ സംഘടനയോ പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടം അപേക്ഷാ വസ്തുവിൽ 25.08.2008 തീയതിയിൽ നിലവിലുണ്ടായിരിക്കണം.

c. പ്രസ്തുത സ്ഥാപനം/സംഘടന, സാമൂഹിക/സാംസ്കാരിക/കലാ/കായിക/സേവന മേഖലകളിൽ പ്രവർത്തിക്കുന്നവ ആയിരിക്കണം.

d. പതിച്ച് നൽകാവുന്ന പരമാവധി വിസ്തീർണ്ണം പഞ്ചായത്ത് / മുൻസിപ്പാലിറ്റി/കോർപ്പറേഷൻ മേഖലകളിൽ ചുവടെ പറയും പ്രകാരം ആയിരിക്കും.

| | ചാരിറ്റബിൾ സ്ഥാപനങ്ങൾ | കലാ, കായിക, സാംസ്കാരിക, സാമുദായിക സംഘടനകൾ, വായനശാലകൾ |
|---|---|---|
| പഞ്ചായത്ത് | 50 സെന്റ് | 15 സെന്റ് |
| മുൻസിപ്പിലാറ്റി | 25 സെന്റ് | 10 സെന്റ് |
| കോർപ്പറേഷൻ | 05 സെന്റ് | 05 സെന്റ് |

## വ്യവസ്ഥകൾ

മേൽ നിബന്ധനകൾ പ്രകാരമുള്ള ഭൂമി ചുവടെ പറയുന്ന കാലയളവിലെ കൈവശങ്ങളാണെങ്കിൽ ഇതോടൊപ്പമുള്ള തുക ഈടാക്കി പതിച്ച് നൽകാവുന്നതാണ്.

നിർണ്ണുകയോ, വ്യവസ്ഥകൾ ലംഘിക്കുകയോ, ഭൂമി പതിച്ചു വാങ്ങിയത് വസ്തുതകൾക്ക് വിരുദ്ധമായിട്ടോ, തെറ്റായ വിവരങ്ങൾ നൽകിയിട്ടോ ആണെന്ന് കണ്ടെത്തിയാലോ ടി ഭൂമി ഉടനടി സർക്കാരിലേക്ക് തിരികെ എടുക്കേണ്ടതാണ്. ഇത്തരം കേസുകളിൽ ഈടാക്കിയ തുകയോ, നഷ്ട പരിഹാരമോ നൽകാവുന്നതല്ല.

(iv) കുത്തകപ്പാട്ടമായോ പാട്ടമായോ കൈവശം വച്ചിരിക്കുന്ന ഭൂമി മേൽ പരാമർശിച്ച പ്രകാരം പതിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതില്ല. ആയതിന് പാട്ടം പുതുക്കി നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(v) മുൻ പരാമർശിച്ച പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ഫെയർവാല്യൂ/ കമ്പോളവില അടച്ച് ഭൂമി പതിവിന് അർഹതയുള്ളതും എന്നാൽ ആയതിന് കഴിയാത്തതുമായ കേസുകളിൽ അപ്രകാരമുള്ള ഭൂമി പാട്ടത്തിന് അനുവദിക്കാവുന്നതാണ്.

(vi) പതിച്ചു നൽകുന്ന ഭൂമി ഏതാണെന്ന് വ്യക്തത വരുത്തുന്നതിനായി പതിച്ചു നൽകുന്ന ഭൂമിയുടെ സർവ്വെ സ്കെച്ച് പ്രത്യേകം തയ്യാറാക്കേണ്ടതും പതിച്ചു നൽകുന്ന ഭൂമിക്ക് പ്രത്യേകം സബ്ഡിവിഷൻ നമ്പർ നൽകേണ്ടതുമാണ്.

(vii) ഈ ഉത്തരവിന്റെ ആവശ്യത്തിലേക്ക് ഫെയർവാല്യൂ എന്നാൽ പതിവിനാസ്പദമായ വസ്തുവിന്റെ സമാനവും സദൃശ്യവുമായ ഏറ്റവും അടുത്ത വസ്തുവിന്റെ ഫെയർ വാല്യൂ എന്നാണ് അർത്ഥം.

(viii) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആരാധനാലയങ്ങളും, ശ്മശാനങ്ങളും, വിവിധ മത സ്ഥാപനങ്ങളും, കലാ, കായിക, സാംസ്കാരിക, സാമുദായിക സംഘടനകളും, വായനശാലകളും, ചാരിറ്റബിൾ സ്ഥാപനങ്ങളും കൈവശം വച്ചിരിക്കുന്ന ഭൂമി പതിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ, ആയവ മേൽ പരാമർശിച്ച പ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്ന പക്ഷം അപ്രകാരമുള്ള കേസുകൾ സംബന്ധിച്ച് അനുബന്ധ രേഖകൾ സഹിതം ജില്ലാ കളക്ടർ വിശദമായ പ്രോപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ മുഖേന സർക്കാരിൽ ലഭ്യമാക്കേണ്ടതും. ഓരോ കേസിലും സർക്കാരിന്റെ വിവേചനാധികാരമുപയോഗിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

| കാലയളവ് | ഈടാക്കേണ്ട തുക |
|---|---|
| 1. സെറ്റിൽമെന്റ് രജിസ്റ്ററിൽ നിലവിലെ കൈവശക്കാരന്റെ പേര് ഉൾപ്പെട്ടു വന്നാൽ. | നിലവിലെ ഫെയർവാല്യുവിന്റെ 5% |
| 2. സ്വാതന്ത്ര്യത്തിന് മുൻപ്. | നിലവിലെ ഫെയർവാല്യുവിന്റെ 10% |
| 3. സ്വാതന്ത്ര്യത്തിന് ശേഷവും കേരള പിറവിക്ക് മുൻപും. | ഫെയർവാല്യുവിന്റെ 25% |
| 4. കേരളപിറവിക്കു ശേഷവും 1990 ജനുവരി 1-ന് മുൻപും. | ഫെയർവാല്യുവിന്റെ 50% |
| 5. 1990 ജനുവരി 1-ന് ശേഷവും 2000 ജനുവരി 1-ന് മുൻപും. | ഫെയർവാല്യു |
| 6. 2000 ജനുവരി 1-ന് ശേഷവും 25.08.2008-ന് മുൻപുമുള്ള. | കമ്പോളവില |
| 7. മേൽ പറഞ്ഞ കാലയളവുകളിൽ നിലവിൽ വന്നിട്ടുള്ളതും എന്നാൽ നിലവിൽ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായവ. | കമ്പോളവില |

(i) മേൽ നിബന്ധനകൾപ്രകാരം ഭൂമി കൈവശം ഉണ്ടായിരുന്നുവെന്ന് തെളയിക്കുന്നതിനായി റവന്യൂ രേഖകളോ, ആധാരങ്ങൾ ഉണ്ടെങ്കിൽ അതിന്റെ പകർപ്പോ, കൈവശ രേഖയുടെ പകർപ്പോ, രജിസ്ട്രേഷൻ സംബന്ധിച്ച വിശദാംശങ്ങളോ നിയമാനുസൃത ഉടമ്പടികളോ, കെട്ടിടങ്ങൾ ഉള്ള ഭൂമിയാണെങ്കിൽ കെട്ടിട നികുതി അടച്ചതിന്റെ രസീതോ, സർക്കാരോ, സർക്കാർ ഏജൻസികളോ നൽകിയ ലൈസൻസോ, മറ്റ് ബന്ധപ്പെട്ട രേഖകളോ സ്വീകരിക്കാവുന്നതാണ്.

(ii) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പതിച്ചു നൽകുന്ന ഭൂമി പ്രധാനമായും അതേ ആവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ടതും പിന്നീട് മറ്റാവശ്യങ്ങൾക്കായി കൈമാറാൻ പാടില്ലാത്തതുമാണ്.

(iii) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പതിച്ചു നൽകപ്പെട്ട വസ്തുക്കൾ പതിച്ചു നൽകിയ പ്രധാന ആവശ്യത്തിനല്ലാതെ വിനിയോഗിക്കുകയോ, സ്ഥാപനം പ്രവർത്തനം

1. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2.എല്ലാ ജില്ലാ കളക്ടർമാർക്കും.
3.അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം.
4.ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
5.പൊതുഭരണ (എസ്.സി) വകുപ്പ് ( ഇനം നം.3164, തീയതി 06.08.2025)
5.കരുതൽ ഫയൽ (എ2/109/2023).

ഉത്തരവിൻ പ്രകാരം
Signed by
Prathapachandran S
Date: 11-08-2025 11:58:55

സെക്ഷൻ ഓഫീസർ

പകർപ്പ്- .29.01.2020 ലെ സ.ഉ(എം.എസ്) 40/2020/റവ നം തീർപ്പ ഫയലിലേയ്ക്കായി

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - സ്ഥാപനങ്ങളും സംഘടനകളും മതിയായ രേഖകളില്ലാതെ കൈവശം വച്ചിരിയ്ക്കുന്ന ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി പതിച്ചു നൽകുന്നതിന് പുതുക്കിയ മാനദണ്ഡങ്ങൾ നിശ്ചയിച്ച് പുറപ്പെടുവിച്ച 09.08.2025 ലെ സ.ഉ(കൈ)നം.240/2025/റവ ഉത്തരവ് - ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (എ) വകുപ്പ്

സ.ഉ.(കൈ) നം.38/2026/RD തീയതി,തിരുവനന്തപുരം, 27-01-2026

പരാമർശം:- 1. സ.ഉ(കൈ)നം.40/2020/റവ, തീയതി 29.01.2020.

2. സ.ഉ(കൈ)നം.240/2025/റവ, തീയതി 09.08.2025.

ഉത്തരവ്

ആരാധനാലയങ്ങൾ, ശ്മശാനങ്ങൾ, കലാ സാംസ്കാരിക സംഘടനകൾ, വായനശാലകൾ, ചാരിറ്റബിൾ സ്ഥാപനങ്ങൾ എന്നിവ മതിയായ രേഖകൾ ഇല്ലാതെ കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി നിബന്ധനകൾക്ക് വിധേയമായി പതിച്ചു നൽകുന്നതിന് തത്വത്തിൽ അംഗീകാരം നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. മേൽ ഉത്തരവിലെ നിബന്ധനകൾ/വ്യവസ്ഥകൾ അപ്രായോഗികവും അശാസ്ത്രീയവുമായതിനാൽ മേൽ ഉത്തരവ് റദ്ദാക്കി, പരിഷ്കരിച്ച വ്യവസ്ഥകൾ നിശ്ചയിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) പരാമർശം (2) സർക്കാർ ഉത്തരവിൽ ചില തിരുത്തലുകൾ വരുത്തി ചുവടെ പറയുന്ന പ്രകാരം ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

i. ഖണ്ഡിക (3) ൽ ഉൾപ്പെടുത്തിയിരിയ്ക്കുന്ന "വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന ഭൂമിയുണ്ടെങ്കിൽ ആയത് ഒഴിവാക്കി" എന്ന ഭാഗം ഒഴിവാക്കുന്നു.

ii. നിബന്ധനകളിൽ ആരാധാനാലയങ്ങളും ശ്മശാനങ്ങളും 1990 ജനുവരി 1 ന് മുൻപ് നിലവിൽ ഉള്ളവയായിരിക്കണം എന്നത് "25.08.2008 ന് മുൻപ് നിലവിൽ ഉള്ളവയായിരിക്കണം" എന്ന് ഭേദഗതി വരുത്തുന്നു.

iii. വ്യവസ്ഥകളിൽ, പതിച്ചു നൽകുന്നതിനായി ഈടാക്കേണ്ട നിരക്കുകൾ ചുവടെ പറയും പ്രകാരം ഭേദഗതി ചെയ്യുന്നു.

| ക്രമ നം. | കൈവശ കാലയളവ് | ഈടാക്കേണ്ട നിരക്ക് |
|---|---|---|
| 1) | സെറ്റിൽമെന്റ് രജിസ്റ്ററിൽ പേരുള്ള ഭൂമി | ന്യായവിലയുടെ 5 % |
| 2) | സ്വാതന്ത്ര്യത്തിന് മുൻപുള്ള കൈവശം | ന്യായവിലയുടെ 10 % |
| 3) | സ്വാതന്ത്ര്യത്തിന് ശേഷവും 01.08.1971-ന് മുൻപും | ന്യായവിലയുടെ 15 % |
| 4) | 01.08.1971-ന് ശേഷവും 01.01.1990-ന് മുൻപും | ന്യായവിലയുടെ 50 % |
| 5) | 01.01.1990-ന് ശേഷവും 01.01.2000-ന് മുൻപും | ന്യായവില |
| 6) | 01.01.2000-ന് ശേഷവും 25.08.2008-ന് മുൻപും | കമ്പോള വില |
| | മേൽ പറഞ്ഞ കാലയളവുകളിൽ നിലവിൽ വന്നിട്ടുള്ളതും എന്നാൽ നിലവിൽ | |

| | | |
|---|---|---|
| 7) | വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായവ | കമ്പോള വില |

3) പരാമർശം (2) സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

1.ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2.എല്ലാ ജില്ലാ കളക്ടർമാർക്കും.
3.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരള, തിരുവനന്തപുരം.
4.ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
5.പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.3530, തീയതി 07.01.2026)
6.കരുതൽ ഫയൽ (എ2/109/2023)

ഉത്തരവിൻ പ്രകാരം
Signed by
Prathapachandran S
Date: 28-01-2026 11:22:24
സെക്ഷൻ ഓഫീസർ